(ബി) 6.5 ലക്ഷം ചതുരശ്ര അടിയാണ് കെട്ടിട വിസ്തീർണ്ണം. ഇതിന്റെ 70%-മാണ് ഐ.ടി. കമ്പനികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്.

(സി & ഡി) സ്പെയ്സ് അലോട്ട് ചെയ്തിട്ടുള്ള കമ്പനികളുടെ പേരും അലോട്ട് ചെയ്ത വിസ്തൃതിയും നിരക്ക് സംബന്ധിച്ച വിവരങ്ങളും സർക്കാരിൽ ലഭ്യമല്ല.

(ഇ) നിലവിൽ സ്ഥലം ലഭിച്ച കമ്പനികൾ 3-4 മാസത്തിനകം ഓഫീസ് സജ്ജീകരണം പൂർത്തീകരിക്കുമെന്ന് കരുതുന്നതായി സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

237 (3391) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്ക് ഭൂമി ഏറ്റെടുത്തതു മുതൽ ഇതേവരെ ഏതെല്ലാം കാര്യങ്ങൾക്കായി മൊത്തം എത്ര കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സ്മാർട്ട് സിറ്റി കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ എത്ര കോടിയാണ്; പെയ്ഡ് ഷെയർ ക്യാപിറ്റൽ എത്ര കോടി, സർക്കാരിന്റെ ഷെയർ എത്ര കോടി; ദുബായ് കമ്പനിയുടെ ഷെയർ എത്ര; ഇതിനകം ഉണ്ടായ മൊത്തം നിക്ഷേപം എത്ര ; വിശദമാക്കാമോ;

(സി) എത്ര ഏക്കർ ഭൂമി പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട്; ഇതിൽ റിയൽ എസ്റ്റേറ്റ് വികസനത്തിനായി ഉപയോഗിക്കുന്ന ഭൂമി എത്ര ഏക്കറായിരിക്കും; വിശദാംശം ലഭ്യമാക്കുമോ;

(ഡി) എത്ര ഏക്കർ സ്ഥലം എസ്.ഇ. ഇ. സെഡായി (S.E.Z)ഗവൺമെന്റ് ഓഫ് ഇന്ത്യ നോട്ടിഫൈ ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) മൊത്തം 92.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രൊജക്ട് വർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട് സിറ്റി കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ - 680 കോടി, പെയ്ഡ് അപ് ഷെയർ ക്യാപിറ്റൽ - 120 കോടി, സർക്കാരിന്റെ ഷെയർ 31.2 കോടി, ടീകോം കമ്പനിയുടെ ഷെയർ - 84 % മറ്റ് വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 246 ഏക്കർ ഭൂമി പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട്. ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം ആകെ ഭൂമിയുടെ 12% ഭൂമിയിൽ ടീകോം കമ്പനിക്ക് സ്വതന്ത്ര അവകാശത്തിന് അർഹതയുണ്ട്.

(ഡി) 232 ഏക്കർ ഭൂമി പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

നെറ്റ് ന്യൂട്രാലിറ്റി നിയന്ത്രണങ്ങൾ

238 (3392) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് സേവനം പരിമിതപ്പെടുത്തി വിവര സാങ്കേതിക രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന കുതിച്ചുചാട്ടം തടസ്സപ്പെടുത്തുന്ന രീതിയിൽ നെറ്റ് ന്യൂട്രാലിറ്റി ഇല്ലാതാക്കാനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നെറ്റ് ന്യൂട്രാലിറ്റി നിയന്ത്രണങ്ങൾ വന്നാൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടേതടക്കം ഇന്റർനെറ്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾക്ക് തടസ്സം വരുന്നതും അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) നെറ്റ് ന്യൂട്രാലിറ്റി സംബന്ധിച്ച വിഷയം കേന്ദ്ര ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയമാണ്. ഇത് സംബന്ധിച്ച ആധികാരിക വിവരങ്ങൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

സ്മാർട്ട് സിറ്റി പദ്ധതി സി.ഇ.ഒ.

239 (3393) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട സ്മാർട്ട് സിറ്റി പദ്ധതിയുടെ സി.ഇ.ഒ. ആരെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സി.ഇ.ഒ. ശ്രീ. ജിജോ ജോസഫിനെ തൽസ്ഥാനത്തു നിന്നും മാറ്റിയതിനുള്ള സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) ഡോ. ബാജു ജോർജ്ജാണ് നിലവിൽ കൊച്ചി സ്മാർട്ട് സിറ്റി സി.ഇ.ഒ. -യുടെ ചുമതല വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly